**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.135/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി,16/01/2020**

---

പരാമർശം:- കൽപ്പറ്റ എം എൽ എയുടെ 06/01/2020 ലെ T-01/2020 MLA-KPTനമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൽപ്പറ്റ നിയോജക മണ്ഡലത്തിൽ താമസിക്കുന്ന ഭിന്ന ശേഷിക്കാർക്കും കഴിഞ്ഞ പ്രളയത്തിൽ സഹായ ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്കും ആവശ്യമായ സഹായ ഉപകരണങ്ങൾ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷൻ മുഖാന്തിരം മെഡിക്കൽ ക്യാമ്പ് നടത്തി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും 2020 ജനുവരി മാസം 16 ന് കൽപ്പറ്റ ടൗൺ ഹാളിൽ വച്ച് നടക്കുന്ന ക്യാമ്പിന്റെ നടത്തിപ്പിന് മണ്ഡലത്തിലുള്ള മുനിസിപ്പാലിറ്റിയിൽ നിന്നും 10,000/-രൂപയും 1 0 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 5,000/-രൂപ വീതവും നൽകുന്നതിന് യഥേഷ്ടനുമതി നൽകണമെന്ന് കൽപ്പറ്റ എം എൽ എ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020 ജനുവരി മാസം 16 ന് കൽപ്പറ്റ ടൗൺ ഹാളിൽ വച്ച് നടക്കുന്ന ക്യാമ്പിന്റെ നടത്തിപ്പിന് കൽപ്പറ്റ മണ്ഡലത്തിലുള്ള മുനിസിപ്പാലിറ്റിയിൽ നിന്നും 10,000/-രൂപയിൽ കവിയാത്ത തുകയും 1 0 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 5,000/-രൂപയിൽ കവിയാത്ത തുക വീതവും, അതാത് തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും, കമ്മിറ്റി തീരുമാനത്തിന് വിധേയമായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ